# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉഴവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-4-1412/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-4-1412/23 തീയ്യതി: 31/10/2023

## കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി.പി.ആർ, ഓഡിറ്റ് ഓഫീസർ
സുധ ജേക്കബ് ,ഓഡിറ്റ് ഓഫീസർ
സജിമോൾ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബീനാകുമാരി.റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോണിസ്.പി.സ്റ്റീഫൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുനിൽ.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിഷ.പി.ജോസ് | വി.ഇ.ഒ, മോനിപ്പള്ളി | 01-04-2022 | 21-10-2022 |
| കപിൽ.കെ.എ | വി.ഇ.ഒ, ഉഴവൂർ | 01-04-2022 | 31-03-2023 |
| ഡോ.ജെസ്സി ജോയ് | സൂപ്രണ്ട്, കെ.ആർ .എൻ.എം.എസ് , ഉഴവൂർ | 01-04-2022 | 31-03-2023 |
| ഡോ.സജേഷ് മാത്യു | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം ഉഴവൂർ | 01-04-2022 | 31-03-2023 |
| ഡോ.ശ്രീനാഥ്.ഡി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീവിദ്യ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 10-10-2022 |
| ഗൗരി പ്രിയ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഉഴവൂർ | 11-10-2022 | 31-03-2023 |
| സൗമ്യ സെബാസ്റ്റ്യൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| പ്രീമോൾ ദാസ് | ഫിഷറീസ് ഓഫീസർ, മത്സ്യ ഭവൻ പാല | 01-04-2022 | 31-03-2023 |
| സൂസി വർഗ്ഗീസ് | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, മോനിപ്പള്ളി | 01-04-2022 | 31-03-2023 |
| അനിൽകുമാർ.റ്റി.എസ് | അസി.സെക്രട്ടറി | 01-04-2022 | 21-10-2022 |
| ശ്രീജ.എം | ഹെഡ്ക്ലർക്ക്(അസി.സെക്രട്ടറി ഇന് ചാര്ജ്ജ്) | 22-10-2022 | 24-10-2022 |
| സുരേഷ്.കെ.ആർ | അസി.സെക്രട്ടറി | 25-10-2022 | 31-03-2023 |
| ഡെന്നിസ് ജോർജ്ജ് | കൃഷി ഓഫീസർ, (ഇൻ ചാർജ്ജ്) | 01-04-2022 | 27-07-2022 |

| | | | |
|---|---|---|---|
| തെരേസ അലക്സ് | കൃഷി ഓഫീസർ | 28-07-2022 | 16-01-2023 |
| പാർവ്വതി ആർ | കൃഷി ഓഫീസർ, (ഇൻ ചാർജ്ജ്) | 17-01-2023 | 31-03-2023 |
| ഡോ.അശ്വതി ധർ | മെഡിക്കൽ ഓഫീസർ ,ഹോമിയോ ഉഴവൂർ | 09-03-2023 | 31-03-2023 |
| ഡെന്നിസ് ജോർജ്ജ് | കൃഷി ഓഫീസർ, (ഇൻ ചാർജ്ജ്) | 01-04-2022 | 31-03-2023 |
| തെരേസ അലക്സ് | കൃഷി ഓഫീസർ, | 28-07-2022 | 16-01-2023 |
| പാർവ്വതി ആർ | കൃഷി ഓഫീസർ, (ഇൻ ചാർജ്ജ്) | 17-01-2023 | 31-03-2023 |
| ഡോ.സ്മിത മോഹൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 11-02-2023 |
| ഡോ.രമ്യ രാമൻ നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോഇലയ്ക്കാട്(ഇന് ചാർജ്ജ്) | 12-02-2023 | 08-03-2023 |
| ഡോ.അശ്വതി ധർ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ഉഴവൂർ ഗ്രാമപഞ്ചായത്ത് | 09-03-2023 | 31-03-2023 |
| സനീഷ്.കെ.ബി | അസി.എഞ്ചിനീയർ | 01-04-2022 | 30-04-2022 |
| രജനി.സി | അസി.എഞ്ചിനീയർ | 01-05-2022 | 31-07-2022 |
| ആര്യ.എസ്.കണ്ണൻ | അസി.എഞ്ചിനീയർ | 01-08-2022 | 26-09-2022 |
| സുമിത സുകുമാരൻ | അസി.എഞ്ചിനീയർ | 27-09-2022 | 31-01-2023 |
| അനുമോൾ രാജു | അസി.എഞ്ചിനീയർ | 01-02-2023 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | വസ്തു നികുതി--സഞ്ചയയിലെ കണക്കും AFS മായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് തുക കൃത്യമായ ശീർഷകത്തിൽ ചേർത്തിട്ടില്ല | 1-1-9 |
| 11 | വാടക ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതിഅവലോകനം. | 1-5 |
| 16 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വാടക ഈടാക്കിയിട്ടില്ല. | 1-11 |
| 22 | ബി.എസ്.എൻ.എൽ.ഓഫീസ്--മുഴുവൻ വാടകയും അടയ്ക്കുന്നില്ല | 1-12 |
| 23 | കാലഹരണപ്പെട്ട നിക്ഷേപം തിരിച്ചു നൽകുകയോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല | 1-13 |
| 24 | ഒരു അങ്കണവാടിക്ക് രണ്ട് വൈദ്യുതി കണക്ഷൻ നിലനിർത്തുന്നു. | 1-14 |

| | | |
|---|---|---|
| 25 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. | 1-15 |
| 26 | കാക്കനാട്ട്കുന്ന് അങ്കണവാടി മെയിന്റനൻസ്- പൂർത്തിയാക്കില്ല. | 1-16 |
| 27 | പുളിയമ്മാക്കിൽ- തറപ്പിൽ റോഡ് റീടാറിംഗും കൈവരി നിർമ്മാണവും-അപാകതകൾ | 1-17 |
| 28 | ലേലം മാർക്കറ്റ്-റിവോൾവിംഗ് ഫണ്ട് തുക വിനിയോഗിച്ചില്ല | 1-18 |
| 29 | വിനിയോഗവിവരം ലഭ്യമല്ല. | 1-19 |
| 30 | മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 31 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 32 | റിംഗ് കമ്പോസ്റ്റ് വിതരണം-ചെലവ് രേഖകൾ പൂർണമല്ല. | 1-22 |
| 33 | വീടുകൾക്ക് മാലിന്യശേഖരണസംവിധാനം പദ്ധതി - ചെലവു രേഖകൾ പൂർണമല്ല- | 1-23 |
| 34 | ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്- | 1-24 |
| 35 | എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 36 | വിനിയോഗവിവരം ലഭ്യമാക്കാത്തത്- | 1-26 |
| 37 | അധിക വിഭവസമാഹരണം | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഉഴവൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06/06/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 21/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉഴവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-3 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺ ട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-7 വസ്തു നികുതി--സഞ്ചയയിലെ കണക്കും AFS മായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 ഡെപ്പോസിറ്റ് തുക കൃത്യമായ ശീർഷകത്തിൽ ചേർത്തിട്ടില്ല

പ്രോജക്ട് നം.79/23 , 55-ാം നമ്പർ അംഗൻവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിന് MGNREGS State Mission Director ക്ക് 1,00,000/- രൂപ നൽകിയിട്ടുണ്ട്. പണി പൂർത്തീകരിയ്ക്കാത്തതിനാൽ Advance & Deposits എന്ന ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താതെ Capital Expense എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം 1000000/- രൂപ മിഷൻ ഡയറക്ടർക്ക് കൈമാറേണ്ടതിന് പകരം പഞ്ചായത്തിന്റെ South Indian Bank CFC Grant-PFMS (A/c No. 0323053000056989) അക്കൗണ്ടിൽ അവശേഷിക്കുന്നു.

1-1-10 വാടക ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാടക- ഡിമാന്റ് കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 15.02.2023 തീയതിയിലെ 3(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പരിഷ്കരിച്ച ബജറ്റ് | ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 16098390 | 1,87,57,978 |
| വരവ് | 11,8886960 | 26361669 |
| ആകെ | 134985350 | 45119647 |
| ചെലവ് | 120120800 | 2,60,55,458 |
| നീക്കിയിരിപ്പ് | 14864550 | 1,90,64,189 |

## 1-3 സാമ്പത്തിക വിശകലനം

റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 18757978/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26361669/- |
| ആകെ | 45119647/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26055458/- |
| നീക്കിയിരിപ്പ് | 19064189/- |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 84905419 |
| ആകെ ചെലവ് | 105720865 |
| വരുമാന നഷ്ടം | (20815446) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 67349 |
| അറ്റ പ്രവർത്തന നഷ്ടം | (20882795) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2976921 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11009000 | 11009000 | 11009000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3000000 | 3000000 | 3000000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 88000 | 88000 | 88000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18775000 | 18775000 | 10985123 | 7789877 | 58.5 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 2296274 | 2273726 | 50.24 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 291961 | 2299780 | 2591741* | 2350047 | 241694 ** | 90.67 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 491406 | 4582088 | 5073494*** | 3184955 | 1888539 | 62.78 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 665 | 11534749 | 11535414 | 11533256 | 2158 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 128119 | 884862 | 1012981 | 46973 | 966008 | 4.63 |
| ശുചിത്വമിഷൻ ഗ്രാന്റ് | 60295 | 5400 | 65695 | 5400 | 60295 | 8.2 |
| ഹെൽത്ത് ഗ്രാന്റ് | 0 | 162410 | 162410 | 160000 | 2410 | 98.5 |
| Grants For Specific Purposes-Health Grant Towards Support For Diagnostic Infrastructure To The PHC | 0 | 266865 | 266865 | 262019 | 4846 | 98 |

*മുൻ ബാക്കി, ബാങ്ക് പലിശ, ട്രഷറി വരവ്, ബാങ്കിലെ വരവ് എന്നിവ ഉൾപ്പെട്ടതാണ്.

**ബാലൻസ് ഷീറ്റിൽ ബാങ്കിൽ അവശേഷിയ്ക്കുന്ന തുക.

*** മുന്നിരിപ്പ്, ബാങ്കിലെ വരവ്, ട്രഷറി വരവ് എന്നിവ ഉൾപ്പെട്ടതാണ്.

****1675603/- രൂപ ബാങ്കിൽ അവശേഷിക്കുന്നത് ഒഴികെയുള്ള തുക സഞ്ചിതനിധിയിലേയ്ക്ക് തിരികെ പോയി.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1370565/-രൂപ, 284013/-രൂപ 42566/-രൂപ വീതം കുറവ് ചെയ്തതിനശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ വന്നിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി

തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്റ്റ് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 201/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 269183 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 218/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 269182 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 199/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 200/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 217/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400 | വികസനഫണ്ട്<br>പൊതുവിഭാഗം |
| ആകെ | 1370565 | |
| 202/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 142007 | വികസനഫണ്ട്<br>എസ്.സി.പി. |
| 219/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 142006 | എസ്.സി.പി. |
| ആകെ | 284013 | |
| 203/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 21283 | വികസനഫണ്ട്<br>ടി.എസ്.പി. |
| 220/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 21283 | വികസനഫണ്ട്<br>ടി.എസ്.പി. |
| ആകെ | 42566 | |

### 1-5 പദ്ധതിഅവലോകനം.

2022-23 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ

പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 02.12.2021 ലെ 1(6) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 11.01.2022, 06.06.2022 എന്നീ തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 06.06.2022 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 21.05.2022 മുതൽ 24.05.2022 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 16.06.2022ലാണ്. 29.08.2022 മുതൽ 03.09.2022 വരെയുള്ള തീയതികളിൽ ഗ്രാമസഭായോഗങ്ങൾ ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 25.05.2022 ലും ഊരുകൂട്ടം 20.05.2022 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 12.07.2022ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 23.07.2022 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 180 | 83957507 | 136 | 42718766 | 44 | 75.55 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 1546790 | 5 | 913151 |
| വെറ്റിനറി സർജൻ | 6 | 209000 | 6 | 198600 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 7 | 1338019 | 7 | 1315424 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 500000 | 1 | 500000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 340000 | 3 | 339800 |
| വി.ഇ.ഒ I | 14 | 25778500 | 10 | 8795558 |
| വി.ഇ.ഒ II | 10 | 2902904 | 10 | 2072308 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5444230 | 7 | 3753436 |
| സെക്രട്ടറി | 42 | 10673199 | 36 | 7931060 |
| അസിസ്റ്റന്റ് എൻജിനീയർ | 73 | 31285265 | 39 | 13419855 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 440000 | 1 | 300000 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1920000 | 2 | 1645174 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 630200 | 5 | 630200 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 4 | 949400 | 4 | 904200 |

| | | | | |
|---|---|---|---|---|
| ആകെ | 180 | 83957507 | 136 | 42718766 |

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. സഉ (കൈ) നം.84/2022 /ത.സ്വ.ഭ.വ തീയതി 19.04.2022 അനുസരിച്ച് മോണിറ്ററിംഗ് കമ്മറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്.

10063603/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 10063603/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 18775000 | 10985123 | 7789877 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4570000 | 2296274 | 2273726 |
| ആകെ | | | 10063603 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 100 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, എന്നീ വിഭാഗങ്ങളിൽ 100 ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

. നിക്ഷേപ പ്രവൃത്തികൾ - മുൻ വർഷങ്ങളിലേതുൾപ്പെടെ 3049655/- രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 3049655/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 3026040/- രൂപയുടെ വിനിയോഗ വിവരവും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 23615/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിനുശേഷം അതാത് പ്രോജക്ടുകളിൽ മിച്ചം വരുന്ന തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 76 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും

ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആകെ ചെലവ് 115.33 ലക്ഷം രൂപ. 27718 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 240 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 102 അയൽക്കൂട്ടങ്ങളിൽ 98 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 513 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കാർഷികകുളം നിർമ്മാണം, തോടുകളുടെ നവീകരണവും കയർഭൂവസ്ത്രം വിരിക്കലും, കാർഷിക കുളം, വൃക്ഷത്തൈ നടീല്, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 665 | 614105 | 614770 | 612612 | 2158 |
| ഇ.എഫ്.എം.എസ് | 0 | 10920644 | 10920644 | 10920644 | 0 |
| ആകെ | 665 | 11534749 | 11535414 | 11533256 | 2158 |

വ്യക്തിഗത ആസ്തി നിർമ്മാണം പൂർത്തിയാക്കാത്ത 3 പേരുടെ അവിദഗ്ധ തൊഴിൽകൂലിയിനത്തിൽ 9312/- രൂപ തിരികെ അടച്ചത് കാഷ് ബുക്കിൽ വരവ് ചെലവായിട്ട ചേർത്തിട്ടുണ്ട്. ആയതിനാൽ കാഷ് ബുക്കു വാർഷിക കണക്കളിൽ 9312/- രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

1-7 ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 7 |
| വാർദ്ധക്യകാല പെൻഷൻ | 13581800 | 1282 |
| കർഷക തൊഴിലാളി പെൻഷൻ | 1631400 | 143 |
| വിധവ പെൻഷൻ | 4775000 | 459 |
| വികലാംഗ പെൻഷൻ | 2349400 | 209 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2023 തീയതിയിൽ 3.37 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12683/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്,

കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2022 | 2022 മാർച്ച് വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 13.12.2018 മുതൽ 27.12.2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽബിഎ (എച്ച്.ക്യൂ)II/1/8 B.169/2018-19/308 തീയതി 21.01.2019 |

1-11 വാടക ഈടാക്കിയിട്ടില്ല.

1) ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.സജിമോൻ വി.പി. എന്ന വാടകക്കാരൻ വാടക കുടിശ്ശിക വരുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | മാസ വാടക | കുടിശ്ശിക വരുത്തിയ മാസം | മുറി ഒഴിവായ മാസം | ഡെപ്പോസിറ്റ് രസീത് നം./തീയതി |
|---|---|---|---|---|
| 13/376 ബി | 1178 | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | മാർച്ച് 23 | 121050101304/20.09.2021 |

വാടക നിക്ഷേപമായി 5000/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് വാടകയിനത്തിൽ മുതൽ കൂട്ടേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/27.07.2023 ന് വാടക ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടിയാനുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാർ നിബന്ധനകൾ പ്രകാരം 12 മാസത്തെ മുറി വാടക+18% GST+കുടിശ്ശിക വരുത്തിയ മാസത്തേക്കുള്ള പിഴപ്പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

2) വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷങ്ങളിലെ മാർക്കറ്റ് വരവിൽ 1,84,744/- രൂപ കുടിശ്ശിക അവശേഷിക്കുന്നു.

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/27.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് വ്യാപനം മൂലം മാർക്കറ്റ് തുറക്കാൻ സാധിക്കാതിരുന്നതിനാൽ മാർക്കറ്റ് ലേലംകൊണ്ട 2020-21 ൽ ശ്രീ.ബേബി തോമസ്, 21-22 ൽ ശ്രീ.സിബി എബ്രഹാം എന്നിവർക്ക് ഇളവ് ലഭിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം

സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഇളവ് ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ അറിയിയ്ക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി.

വാടകക്കാരിൽ നിന്നും നിബന്ധനകൾ ഉൾപ്പെടുത്തി വാടകക്കരാർ ചമയ്ക്കേണ്ടതും വാടക രജിസ്റ്റർ, വാടക കുടിശ്ശിക രജിസ്റ്റർ എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കി സൂക്ഷിയ്ക്കേണ്ടതുമാണ്. വാടക ഇളവ് ലഭ്യമാകാത്ത പക്ഷം ക്രമനമ്പർ 1 പ്രകാരമുള്ള 14136/- രൂപയും ക്രമനമ്പർ 2 പ്രകാരമുള്ള 184744/- രൂപയും ഉൾപ്പെടെ 198880/- രൂപയും ജിഎസ്ടിയും പിഴപ്പലിശയും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-12 ബി.എസ്.എൻ.എൽ.ഓഫീസ്--മുഴുവൻ വാടകയും അടയ്ക്കുന്നില്ല

| സ്ഥാപനം | റൂം നമ്പർ | വാടക വിശദാംശങ്ങൾ (2022-23) | വാടകയിനത്തിൽ അടവാക്കിയ തുക (22-23) | 2021-22 ൽ അടയ്ക്കാൻ അവശേഷിച്ച തുക |
|---|---|---|---|---|
| ബി.എസ്.എൻ.എൽ | 5/3 | 8971x4=35884<br>9420x8=75360<br>ആകെ 111244/- | 15.05.2023 ൽ 91220/- രൂപ ഓൺലൈൻ പേയ്മെന്റ് ആയി SBI Uzhavoor ശാഖയിൽ അടവാക്കിയിട്ടുണ്ട്. | 11303 |

ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 21-22 ൽ 11303/- രൂപയും 22-23 ൽ (111244-91220)20,024/- രൂപയും ഉൾപ്പെടെ ആകെ 31327/- രൂപ വാടകയിനത്തിൽ ഈടാക്കാൻ അവശേഷിയ്ക്കുന്നു. 2022-23 വർഷം വാടകയിനത്തിൽ അടവാക്കിയ 91,220/- രൂപ ജി.എസ്.ടി. ഉൾപ്പെടാത്ത തുകയാണ്. ജി.എസ്.ടി.ഇനത്തിൽ തുക അടവാക്കിയിട്ടില്ല. ഓരോ മാസത്തെ വാടകയോടൊപ്പം 18% ജി.എസ്.ടി കൂടി ഉൾപ്പെടുത്തി വാടക കുടിശ്ശിക തയ്യാറാക്കേണ്ടതും പിഴപ്പലിശ സഹിതം ഈടാക്കാൻ അവശേഷിയ്ക്കുന്ന തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-13 കാലഹരണപ്പെട്ട നിക്ഷേപം തിരിച്ചു നൽകുകയോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ കണ്ടുകെട്ടാവുന്നതുമാണ്. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 32,000/- രൂപ അവശേഷിയ്ക്കുന്നുണ്ട്.

2) 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നിക്ഷേപങ്ങൾ ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായത് വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി മുന്നിരിപ്പ് വിശദാംശം ലഭ്യമാണ്.

നിലവിൽ നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/01.08.2023) ക്ക് കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-14 ഒരു അങ്കണവാടിക്ക് രണ്ട് വൈദ്യുതി കണക്ഷൻ നിലനിർത്തുന്നു.

ഉഴവൂർ ഗ്രാമ പഞ്ചായത്തിലെ പയസ് മൗണ്ട് അംഗൻവാടിയുടെ ( AWC No. 47 ) പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന് പുതിയ വൈദ്യുതി കക്ഷനും എടുത്തിട്ടുണ്ട്. എന്നാൽ പഴയ അംഗൻവാടി കെട്ടിടത്തിൽ ഉണ്ടായിരുന്ന വൈദ്യുതി കണക്ഷൻ (കൺസ്യൂർ നം. 1156287013811) വിഛേദിച്ചിട്ടില്ല. നിലവിൽ രണ്ട് കണക്ഷനുകൾക്കും വൈദ്യുതി ചാർജ് ഒടുക്കി വരുന്നതായി കാണുന്നു. പഴയ കെട്ടിടത്തിൽ ഉണ്ടായിരുന്ന വൈദ്യുതി കണക്ഷൻ വിഛേദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ 21/2.8.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പഴയ കെട്ടിടത്തിൽ ഉണ്ടായിരുന്ന വൈദ്യുതി കണക്ഷൻ വിഛേദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. തുടർനടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 32/23 കല്ലട-കുന്നുംപുറം (ജനതാ റോഡ് ) റീടാറിംഗ് കെ. കെ. | പി.എ. ജോൺസൺ, പൈമ്പള്ളിൽ, വെളിയന്നൂർ. | 08.03.22 | 30.03.22 | 441832 | 4418 |
| 2 | 152/23 പൊതു കുളങ്ങളുടെയും കിണറുകളുടെയും നവീകരണം | കെ. കെ. ജോസ്, തൊട്ടിയിൽ, ഉഴവൂർ ഈസ്റ്റ് പി.ഒ | 20.08.22 | 06.09.22 | 180093 | 1801 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | 6219 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12/31.7.23-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണ് എന്ന് അറിയിച്ചു. ഇപ്രകാരം ഈടാക്കാത്തപക്ഷം പഞ്ചായത്തിന് പിഴയിനത്തിൽ ലഭിക്കുവാനുണ്ടായിരുന്ന 6219/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കാക്കനാട്ട്കുന്ന് അങ്കണവാടി മെയിന്റനൻസ്- പൂർത്തിയാക്കില്ല.

പ്രോജക്ട് നം. 155/23
വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്
അടങ്കൽ- 1000000 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം )
ചെലവ്- 274594 രൂപ ( ബിൽ നം. 28/ 22-23/ 29.3.23 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഉഴവൂർ ഗ്രാമ പഞ്ചായത്തിലെ കാക്കനാട്ട്കുന്ന് (AWC നം 54 ), പുൽപ്പാറ (AWC നം 53 ), വള്ളിപ്പടവ് (AWC നം 51 ), കപ്പടാക്കുന്നേൽ (AWC നം 49 ), കരുനെച്ചി (AWC നം 58 ) എന്നീ അംഗൻവാടികളുടെ മെയിന്റനൻസിനായി ഏറ്റെടുത്തതാണ് മേൽ പ്രോജക്ട്. ഇതിൽ കാക്കനാട്ട് കുന്ന് അങ്കണവാടിയുടെ മുകളിൽ ഷീറ്റ് റൂഫിംഗ് ചെയ്തിരുന്നതിന് ഫാൾസ് സീലിംഗ്, വശങ്ങളിൽ ജി. ഐ. പൈപ്പ് ഉപയോഗിച്ചുള്ള ഗ്രിൽ, തറ ടൈൽ പാകൽ എന്നിവ ചെയ്യുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി 235211 + 18% ജി.എസ്.റ്റി ഉൾപ്പടെ തുക വകയിരുത്തിയിരുന്നു. 2022-23 വർഷം 274594 രൂപ ഒന്നാം പാർട്ട് ബിൽ നൽകിയതിൽ കാക്കനാട്ട്കുന്ന് അംഗൻവാടിയുടെ ഫാൾസ് സീലിംഗ്, വശങ്ങളിൽ ജി. ഐ. പൈപ്പ് ഉപയോഗിച്ചുള്ള ഗ്രിൽ എന്നിവ ചെയ്തിരുന്നു. തുടർന്ന് 2023-24 വർഷം അങ്കണവാടിയുടെ ഫിറ്റ്നസ് സാക്ഷ്യപത്രം നൽകുന്നതുമായി ബന്ധപ്പെട്ട പരിശോധനയിൽ അങ്കണവാടിയുടെ മുൻവശത്തെ സംരക്ഷണഭിത്തി തകർന്ന നിലയിൽ കണ്ടതിനെ തുടർന്ന് ഫിറ്റ്നസ് സാക്ഷ്യപത്രം നൽകിയില്ല. മെയിന്റനൻസ് പ്രവൃത്തി നിർത്തിവെച്ചു. ആയതിനാൽ അങ്കണവാടിനം. 54 സമീപത്തുള്ള ഒരു വാടക കെട്ടിടത്തിലേക്ക് താൽക്കാലികമായി മാറ്റി സ്ഥാപിച്ചു. 2023-24 വർഷം സ്പിൽ ഓവർ പ്രോജക്ടായി മറ്റ് അങ്കണവാടികളുടെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി 1.8.23 ൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കാക്കനാട്ട്കുന്ന് അങ്കണവാടി മെയിന്റനൻസ് പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ 23/2.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടിയുടെ മുൻവശത്തെ തകർന്ന സംരക്ഷണഭിത്തി ബലപ്പെടുത്തുന്നത് ഉൾപ്പടെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അങ്കണവാടി മെയിന്റനൻസ് പൂർത്തിയാക്കുന്നതാണ് എന്ന് അറിയിച്ചു. കാക്കനാട്ട്കുന്ന് അങ്കണവാടി മെയിന്റനൻസ് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ ആകെ ചെലവിൽ കാക്കനാട്ട്കുന്ന് അങ്കണവാടിക്കുവേണ്ടിയുള്ള 177451/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പുളിയമ്മാക്കിൽ- തറപ്പിൽ റോഡ് റീടാറിംഗും കൈവരി നിർമ്മാണവും- അപാകതകൾ

പ്രോജക്ട് നം. 142/23
അടങ്കൽ- 852000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )
ചെലവ്- 776687 രൂപ ( ബിൽ നം. 33/22-23/ 29.3.23 )
കരാറുകാരൻ- സിറിയക് ജോസഫ്. സി

ഉഴവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിൽ 635 മീറ്റർ

റീടാറിംഗം 7 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റീ കോൺക്രീറ്റിംഗും കൈവരി നിർമ്മാണവുമാണ് ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ 635 മീറ്റർ റീടാറിംഗ് മാത്രമാണ് ചെയ്തിട്ടുള്ളത്. ഒന്നാം പാർട്ട് ബില്ലായി 776687 രൂപ ചെലവഴിച്ചിട്ടുണ്ട്. റീടാറിംഗ് പ്രവൃത്തിക്കായി 30 ബാരൽ വി.ജി. 30 ബിറ്റുമിനും 2 ബാരൽ എമൽഷനും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കാലി ബാരലിന്റെ വില ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ബാരലൊന്നിന് 238 രൂപയും 18% ജി.എസ്.റ്റി.യും ഈടാക്കേണ്ടതായിരുന്നു 238x32= 7616+ 1371 ജി.എസ്.റ്റി ). ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൈവരി നിർമ്മിക്കുന്നതിന് തുടർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 1/26.7.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാരൽവില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 8987 രൂപ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്നും കൈവരി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചു. കാലിബാരൽവില 8987/- രൂപ കാരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ലേലം മാർക്കറ്റ്-റിവോൾവിംഗ് ഫണ്ട് തുക വിനിയോഗിച്ചില്ല

പ്രോജക്ടിന്റെ പേര്-ലേലം മാർക്കറ്റ് റിവോൾവിംഗ് ഫണ്ട്
പ്രോജക്ട് നമ്പർ-215/23
അടങ്കൽ-100000/-
ചെലവ്-100000/-
ബിൽ നം.-4/22-23 തീയതി 17.03.2023

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലേലം മാർക്കറ്റ്-റിവോൾവിംഗ് ഫണ്ട് പ്രോജക്ട് പ്രകാരം 100000/-രൂപ ഉഴവൂർ ഗ്രാമപഞ്ചായത്ത് കർഷകസമിതിയ്ക്ക് ലേലം മാർക്കറ്റ് നടത്തിപ്പിനായി നൽകിയിട്ടുണ്ട്. (കേരള ഗ്രാമീൺ ബാങ്ക് A/c No.40600110000256 KLGB0040600). സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ/തീയതി 28.05.2022 ഖ. 6.1.44 പ്രകാരം അംഗീകൃത കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. കർഷക സഹായ സംഘഭാരവാഹി നിർവ്വഹണോദ്യോഗസ്ഥന് അപേക്ഷ നൽകുന്ന മുറയ്ക്ക് അവയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജോയിന്റ് അക്കൗണ്ടിലേക്കാണ് റിവോൾവിംഗ് ഫണ്ട് നിക്ഷേപിക്കേണ്ടത്. സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളവെടുപ്പിനുശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതുമാണ്. എന്നാൽ ഈ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല. തുക കർഷക സമിതിയുടെ അക്കൗണ്ടിലേയ്ക്കാണ് കൈമാറിയിരിക്കുന്നത്. കർഷക സമിതിക്ക് തുക കൈമാറിയതിന്റെ ബിൽ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 29.07.2023 ലെ 7-ാം നമ്പർ എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഹാജരാക്കി. എന്നാൽ ഒറിജിനൽ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. നിലവിലും ഈ തുക ചെലവഴിക്കാതെ കർഷക സമിതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി മറുപടി നൽകിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് അവയുടെ തൻ വർഷ പ്രവർത്തനത്തിനുശേഷം തിരികെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതും റിവോൾവ് ചെയ്യേണ്ടതുമാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് നടപ്പിലാക്കാത്തതിനാൽ മേൽ പ്രോജക്ടിന് ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്ട് നം. 165/23
ഉഴവൂർ കെ. ആർ നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് തുടർ പ്രവർത്തനങ്ങൾ- ദൈനംദിന ചെലവുകൾ- വേതനം നൽകൽ.
അടങ്കൽ- 100000 രൂപ ( തനത് ഫണ്ട് )

ചെലവ്- 100000 രൂപ. (ചെക്ക് നം. 15370/ 30.3.23 )

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഉഴവൂർ

ഉഴവൂർ കെ. ആർ നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ, ഉഴവൂർ ബ്ലോക്ക് പഞ്ചായത്തും, ഉഴവൂർ, രാമപുരം, കാണക്കാരി, മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടത്തുന്ന ഡയാലിസിസ് യൂണിറ്റിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ഉഴവൂർ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 100000 രൂപ മേൽ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും "District Health And Family Welfare Society", ആരോഗ്യകേരളം കോട്ടയത്തിന്റെ HDFC ബാങ്കിന്റെ കോട്ടയം ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 50200029589522 ) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/2.8.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ വിനിയോഗവിവരം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ വിവരം ലഭ്യമാകുന്നതു വരെ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം.പേര് | അടങ്കൽ | ചെലവ് | ബിൽ നം/തീയതി |
|---|---|---|---|
| മോനിപ്പള്ളി ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ ( പ്രോ.നം.14/23 ) | മെയിന്റനൻസ് ഗ്രാന്റ്-70000- | 70000- | 86/19-10-22 |
| ഉഴവൂർ NHM ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് ( പ്രോ.നം.13/23 ) | മെയിന്റനൻസ് ഗ്രാന്റ്-250000- | 250000- | 89/21-10-22 |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം ആകെ 320000-രൂപ ആലപ്പുഴ ഹോംകോയിൽ അടച്ചിട്ടുണ്ട്. ഇതിൽപ്രോജക്ട് നം 14/23 പ്രകാരം ആവശ്യപ്പെട്ട മരുന്നുകളിൽ 48053- രൂപയുടെ മരുന്ന് മാത്രമേ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടുള്ളൂ. മരുന്ന് പൂർണമായും ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ കിട്ടാനവശേഷിയ്ക്കുന്ന മരുന്നുകളുടെ തുകയായ 271947-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

വിഇഒ മോനിപ്പള്ളി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രോജക്ട് (പ്രോ നം. 177/23) പ്രകാരം 13 വാർഡുകളിലേയും ഹരിതകർമ്മസേനാപ്രവർത്തനം ഏകോപിപ്പിയ്ക്കുന്നതിനു വേണ്ടി ഹരിതമിത്രം ആപ്പും ആക്സസ്സറീസും സപ്ലൈ ചെയ്യുന്നതിനു വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 204900- രൂപ (ബിൽ നം. 244/09-03-23) കെൽട്രോണിൽ അടച്ചിട്ടുണ്ട്. മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്തത്, ബാർ കോഡുകൾ ലഭ്യമാക്കി വീടുകളിൽ സ്ഥാപിച്ചത്, പദ്ധതി പൂർണ്ണമായി പ്രവർത്തനസജ്ജമാക്കിയത് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ വാസഗൃഹങ്ങൾ, വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം

പൂർണ്ണമാക്കുകയാണെങ്കിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ ലഭിയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും മാലിന്യം കത്തിയ്ക്കൽ വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ വസ്തുനികുതി, തൊഴിൽ നികുതി ലൈസൻസ് തുടങ്ങിയ തനത് വരുമാന സ്രോതസ്സുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്ന നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 19/01-08-23 ) ആകെ 3895 ആക്ടീവ് വീടുകളുള്ളതിൽ 2611 വീടുകളിൽ നിലവിൽ ക്യൂ ആർ കോഡ് പതിപ്പിച്ചിട്ടുണ്ടെന്നും തുടർവർഷം പദ്ധതി പൂർത്തീകരിയ്ക്കുന്നതാണെന്നും മറുപടി നൽകി. പദ്ധതി പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 204900- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 റിംഗ് കമ്പോസ്റ്റ് വിതരണം-ചെലവ് രേഖകൾ പൂർണമല്ല.

| അടങ്കൽ | ചെലവ് | ബിൽ നം , തീയതി |
|---|---|---|
| കേന്ദ്രാവിഷ്കൃതഫണ്ട്- 436570- | 30904- | Ch No.010752/29-03-23 |
| | 75000- | Ch No.010750/14-02-23 |
| ഗുണഭോക്തൃവിഹിതം- 146500- | 124750- | Ch No.15159/17-01-23 |
| | 21750- | Ch No.15363/30-03-23 |
| തനതുഫണ്ട്- 2930- | - | - |
| ആകെ- 586000- | 252404- | |

വിഇഒ മോനിപ്പള്ളി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ റിംഗ് കമ്പോസ്റ്റ് വിതരണം ( പ്രോ. നം 21/23 ) എന്ന സ്പിൽ ഓവർ പദ്ധതിയ്ക്കായി തൻവർഷം ആകെ 252404-രൂപ നിർവഹണ ഏജൻസിയായ ദിനമിത്ര, ചെങ്ങളം, കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. യൂണിറ്റിന് 2495 – നിരക്കിൽ (ഗുണഭോക്തൃവിഹിതം 250- ഉൾപ്പെടെ) 586 ഗുണഭോക്താക്കൾക്ക് ആകെ 1462070- രൂപയാണ് ദിനമിത്ര എന്ന സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. ഇതിൽ ആകെ 879000- മുൻവർഷം നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷവും തുക മുഴുവനായി നൽകിയിട്ടില്ല. മാത്രമല്ല ദിനമിത്രയുടേതായി ഫയലിൽ സൂക്ഷിച്ചിരിയ്ക്കുന്ന ഇൻവോയ്സുകളുടെ തുകയും തൻവർഷം അടവാക്കിയ തുകയും തമ്മിലും പൊരുത്തപ്പെടുന്നില്ല. ലഭ്യമാക്കിയ ഫയലിൽ ആകെ 1059461.8 രൂപയുടെ പല ഇൻവോയ്സുകളുണ്ട്. തുകകളുടെ പൊരുത്തക്കേടിനുള്ള വിശദീകരണവും റിംഗ് കമ്പോസ്റ്റുകൾ വീടുകളിൽ സ്ഥാപിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 20/01-08-23) 586 ഗുണഭോക്താക്കൾക്കും റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കി. എന്നാൽ പല ഇൻവോയ്സുകൾ സൂക്ഷിച്ചതിനുള്ള മറുപടി കൃത്യമായി നൽകിയില്ല. സ്ഥാപനത്തിന് നിലവിൽ 330666- രൂപ നൽകാൻ ശേഷിയ്ക്കുന്നുമുണ്ട് (1462070- (879000 + 252404 ). തുക മുഴുവൻ നൽകി വിവരം അറിയിയ്ക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ 252404 – രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 വീടുകൾക്ക് മാലിന്യശേഖരണസംവിധാനം പദ്ധതി - ചെലവു രേഖകൾ പൂർണമല്ല-

| അടങ്കൽ | ചെലവ് |
|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്- 379856 | 207000- ബിൽ നം.328/28-03-23 |

| | |
|---|---|
| തനതുഫണ്ട് - 2644 | - |
| ഗുണഭോക്തൃവിഹിതം -42500 | - |
| ആകെ - 425000 | 207000- |

വിഇഒ മോനിപ്പള്ളി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വീടുകൾക്ക് മാലിന്യശേഖരണസംവിധാനം പദ്ധതി ( പ്രോ. നം .205/23 ) പ്രകാരം തൻവർഷം 207000- രൂപ ചെലവഴിച്ചിട്ടുണ്ട്. വീടുകളിലെ പ്ലാസ്റ്റിക് മാലിന്യം ഹരിതകർമ്മസേനകൾക്ക് കൈമാറുന്നതിലേയ്ക്ക് ശേഖരിച്ച് വെയ്ക്കുന്നതിനായി മുളയും ഈറ്റയും ഉപയോഗിച്ച് നിർമ്മിച്ച കുട്ടകൾ ഒരു ഗുണഭോക്താവിന് രണ്ടെണ്ണം വീതം വിതരണം ചെയ്യലാണ് പദ്ധതി . 800 ഗുണഭോക്താക്കൾക്ക് 10% ഗുണഭോക്തൃവിഹിതം ഉൾപ്പെടെയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വഴി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കൈവശമുള്ള കുട്ടകളുടെ എണ്ണം പരിമിതമായതിനാൽ ഓർഡർ സ്വീകരിയ്ക്കാനാകില്ലെന്ന് ബാംബൂ കോർപ്പറേഷൻ അറിയിച്ചതിനെ തുടർന്ന് GEM പോർട്ടൽ മുഖേന Prabhath General Trades Pvt Ltd എന്ന സ്ഥാപനം വഴിയാണ് പദ്ധതി നടപ്പാക്കിയത്. ഈ സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു കുട്ടയ്ക്ക് 775- നിരക്കിൽ 500 കുട്ടകൾ ആണ് ആകെ ലഭ്യമായിരിയ്ക്കുന്നത് . രേഖകൾ പ്രകാരം ഒരു ഗുണഭോക്താവിൽ നിന്നും 170 – രൂപ നിരക്കിൽ (രണ്ടു കുട്ടകൾക്കുള്ളത്- 85*2) 175 ഗുണഭോക്താക്കളിൽ നിന്നും ആകെ 29750- രൂപ ഈടാക്കി പഞ്ചായത്തിലേയ്ക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഈ തുക സ്ഥാപനത്തിൽ അടച്ചിട്ടില്ല. മാത്രമല്ല വിഇഒ യുടെ 29-3-23 ലെ ഓഫീസ് നടപടിക്രമം പ്രകാരം 152 ഗുണഭോക്താക്കൾക്ക് ബാംബൂ കുട്ടകൾ വിതരണം നടത്തിയ ഇനത്തിൽ ജിഎസ് ടി ഉൾപ്പെടെ 207000- അനുവദിയ്ക്കുന്ന എന്നാണ് പരാമർശിച്ചിരിയ്ക്കുന്നത്. എന്നാൽ ഈ തുക എപ്രകാരമാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. ടി നടപടിക്രമം പ്രകാരമാണെങ്കിൽ ഒരാൾക്ക് രണ്ടു ബാംബൂ കുട്ടകൾ വീതം 152 പേർക്ക് ആകെ 304 എണ്ണമാണ് വിതരണം ചെയ്യേണ്ടത്. ആയതിന് ആകെ ചെലവു വരുന്നത് 235600 – രൂപയുമാണ് ( ഗുണ വിഹിതം 85*304 + പ്ലാൻ വിഹിതം 690* 304 ). എന്നാൽ അടച്ച തുക കുറവാണ്. മാത്രമല്ല ഗുണ.വിഹിതവും വികസനഫണ്ടും ആനുപാതികമായി ചെലവഴിയ്ക്കുന്നതിനു പകരം വികസനഫണ്ട് മാത്രമാണ് തൻവർഷം ചെലവഴിച്ചിരിയ്ക്കുന്നത്. ബാംബൂ കുട്ടകൾ 500 എണ്ണം ലഭ്യമായിട്ടുണ്ടെങ്കിൽ അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.18/01-08-23 ) ബാംബൂ കുട്ടകൾ സ്ഥാപനം നേരിട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിയ്ക്കുകയായിരുന്നുവെന്നും തൻവർഷം 163 പേർക്ക് ബാംബൂ കുട്ട വിതരണം ചെയ്തിരുന്ന എന്നും ബാക്കി സ്പിൽ ഓവറാക്കി 2023-24 ൽ ചെയ്തു വരുന്നുവെന്നും മറുപടി നൽകി. ആയതിന്റെ രേഖകളും ഗുണഭോക്തൃവിഹിതമുൾപ്പെടെ ബാക്കി തുക അടവാക്കി ആയതിന്റെ വിശദാംശങ്ങളും പിന്നീട് ഓഡിറ്റിനെ ബോധിപ്പിയ്ക്കുന്നതാണെന്നും മറുപടി നൽകി. പദ്ധതി പൂർത്തിയാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 207000- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്-

തൻവർഷം ലൈഫ് ഭവന പദ്ധതി പ്രകാരം കരാർവെച്ച് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

ലൈഫ് (ജനറൽ പ്രോ.നം 47/23)

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | മേരി ജോസഫ്, കോഴനാത്തടം, മോനിപ്പള്ളി | 40000- |

| | | |
|---|---|---|
| 2 | വിജയൻ.കെ.ജി, കൊല്ലപ്പള്ളിയിൽ, പെരുന്താനം | 40000- |
| 3 | മറിയക്കുട്ടി വർക്കി, കുമ്പളോലിത്തടം, ചേറ്റുകുളം | 40000- |
| 4 | മറിയം ജോൺ,വാട്ടപ്പിള്ളിയിൽ, മോനിപ്പള്ളി | 40000- |
| 5 | അമ്മിണി കുഞ്ഞപ്പൻ, ചുരുണാപ്പാറയിൽ,ഉഴവൂർ | 40000- |
| 6 | സ്മിത ഷിബു, ശൌര്യമാക്കൽ,മോനിപ്പള്ളി | 100000- |
| 7 | ത്രേസ്യാമ്മ ഡേവിഡ്, തകിടിയേൽ,ഉഴവൂർ | 100000- |
| 8 | സതീഷ്.എ.കെ. ആലക്കുളത്തിൽ, ഉഴവൂർ | 100000- |
| 9 | വിജയമ്മ സുധാകരൻ, കൃഷ്ണവിലാസം, ഉഴവൂർ | 100000- |
| 10 | ദേവകി,തോട്ടുങ്കൽ,മോനിപ്പള്ളി | 100000- |
| 11 | ലില്ലിജോണി, മാനംമൂട്ടിൽ,ഉഴവൂർ | 100000- |
| 12 | ശാന്തി സുകുമാരൻ,ചെട്ടിയ്ക്കൽ,മോനിപ്പള്ളി | 100000- |
| 13 | ബിജു.എൻ, കടുത്തപ്പാറയിൽ, പയസ് കുന്ന് | 100000- |

<u>ലൈഫ് -എസ്.സി (48/23)</u>

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | സൗമ്യാമോൾ, കളപ്പുരയ്ക്കൽ | 40000- |
| 2 | ജയലക്ഷ്മി, മയിലവേലിയിൽ | 379183- |
| 3 | രാധാമണി കുഞ്ഞൻ,ചേറാടിയിൽ | 40000- |
| 4 | ചെല്ലമ്മ ദിവാകരൻ, കിഴക്കേക്കുറ്റ് | 140000- |
| 5 | സാജു.പി.ജി, പാലയ്ക്കത്തടത്തിൽ | 40000- |
| 6 | ഉഷ, ഓലിയ്ക്കൽ | 140000- |
| 7 | കെ.ജി ശാന്തമ്മ, കാവുകാട്ടുപാറയിൽ | 40000- |

<u>ലൈഫ് -എസ് ടി- (49/23)</u>

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | വത്സമ്മ പി.കെ. വെള്ളാരംകാലായിൽ | 140000- |
| 2 | ഉഷാ മത്തൻ, വട്ടോടിപ്പറമ്പിൽ | 40000- |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ അറിയിയ്ക്കേണ്ടതാണ്.

<u>1-25 എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.</u>

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.വിഹിതം നൽകൽ |
| പ്രോജക്ട് നമ്പർ | 67/22-23 |
| അടങ്കൽ | 2,00,000/- (വികസനഫണ്ട് |

| | |
|---|---|
| | പൊതുവിഭാഗം) |
| ചെലവ് | 2,00,000/- |
| ബിൽ നം.&തീയതി | 78/29.09.2022 |

ഹെഡ്മാസ്റ്റർ ഗവ. എൽ. പി സ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ എന്ന പ്രോജക്ടിനായി 2,00,000/- രൂപ എസ്.എസ്.കെ യക്ക് നൽകിയിട്ടുണ്ട്. 30/09/2022 ലെ 25124-ാം നമ്പർ രസീത് പ്രകാരം കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 01/08/2023-ലെ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വിനിയോഗവിവരം ലഭ്യമാക്കാത്തത്-

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 1463219-രൂപ തടസ്സപ്പെടുത്തുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| MGNREGS സ്റ്റേറ്റ് മിഷൻ , തിരുവനന്തപുരം | 79/23. 55 ാം നം അംഗൻവാടി കെട്ടിട നിർമ്മാണം | 203/ 09-02-23 | 100000- | 0 | 100000- |
| അസി.എഞ്ചിനീയർ, കെഎസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ, മരങ്ങാട്ടുപിള്ളി | 4/23വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനം പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 110/ 22-11-22 | 1259969- | 0 | 1259969- |
| അസി.എഞ്ചിനീയർ, കെഎസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, കുത്താട്ടുകുളം | | 111/ 22-11-22 | 103250- | 0 | 103250- |

| | | | |
|---|---|---|---|
| ആകെ | 1463219- | 0 | 1463219- |

1-27 അധിക വിഭവസമാഹരണം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നത് 21.07.2023 ലെ 4(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

വസ്തു നികുതി

ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തി വരുന്നു. മേൽ നിരക്കുകൾ 21.07.2023 ലെ കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതും അന്തിമമായി വിജ്ഞാപനം ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിയ്ക്കുന്നതിന് ആവശ്യമായ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

തൊഴിൽ നികുതി

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിനോദ നികുതി

ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയം മുതലായവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 267 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 1187 ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുണ്ട്.

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-2023 | 13.07.2023 | 29.07.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ | 404000 | 48/23 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്.സി.വിഭാഗം | 404000 | 0 |
| | 200000 | 49/23 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്.ടി.വിഭാഗം | 200000 | |
| | 400000 | 47/23 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - ജനറൽ വിഭാഗം | 400000 | 0 |
| | 60000 | 75/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പട്ടികജാതി വിഭാഗം | 60000 | 0 |

| | | | | |
|---|---|---|---|---|
| | 310000 | 74/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പട്ടികജാതി വിഭാഗം | 310000 | 0 |
| | 292989 | 65/23 ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ് | 292989 | 0 |
| ആകെ | 1666989 | | 1666989 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 785000 | 48/23 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്.സി.വിഭാഗം | 785000 | 0 |
| | 352783 | 49/23 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്.ടി.വിഭാഗം | 352783 | 0 |
| | 185000 | 74/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പട്ടികജാതി വിഭാഗം | 185000 | 0 |
| | 277233 | 10/23 അംഗൻവാടി അനുപൂരക പോഷകാഹാരം | 277233 | 0 |
| | 432185 | 65/23 ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ് | 432185 | 0 |
| | 2032201 | | 2032201 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം.

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് കെഎസ്ഇബിയുടെ അക്കൗണ്ടിലേക്ക് 1363219/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ | പഞ്ചായത്തുകളിലെ | 1363219 | 0 | 1363219 |

| | | | | |
|---|---|---|---|---|
| ബി, ഇലക്ട്രിസിറ്റി സെക്ഷൻ മരങ്ങാട്ടുപിള്ളി, കൂത്താട്ടുകുളം | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (പ്രോജക്ട് നം. 4/22-23) | | | |
| MGNREGS സ്റ്റേറ്റ് മിഷണ ഡയറക്ടർ, തിരുവനന്തപുരം | 55-ാം നമ്പർ അംഗൻവാടിയ്ക്ക് കെട്ടിട നിർമ്മാണം (പ്രോജക്ട് നം. 79/22-23) | 100000 | 0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 5213486 | 3497486 | - | 864944 | | 2632542 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും ഉഴവൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിയ്ക്കുന്നതുമായ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | | 2012-13 | 3-1-5 | തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-1, 2-4 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | |
| 2014-15 | 2-2, 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി | |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി | |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 45119647 |
| റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 26055458 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2976921 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 177451 | അനുമോൾ രാജു, അസി.എഞ്ചിനീയർ |
| 1-18 | 100000 | ശ്രീമതി പാർവ്വതി ആർ, കൃഷി ഓഫീസർ |
| 1-19 | 100000 | ഡോ.ജെസ്സി ജോയ് മെഡിക്കൽ ഓഫീസർ,സിഎച്ച്സി |
| 1-20 | 271947 | ഡോ.സ്മിത മോഹൻ, മെഡിക്കൽ |

| | | |
|---|---|---|
| | | ഓഫീസർ,ഹോമിയോ |
| 1-21 | 204900 | ശ്രീമതി ലിഷ പി ജോസ്, വിഇഒ മോനിപ്പള്ളി |
| 1-22 | 252404 | ” |
| 1-23 | 207000 | ” |
| 1-25 | 200000 | ശ്രീമതി സൂസി വർഗ്ഗീസ്, ഹെഡ് മിസ്ട്രസ്, ഗവ.എൽ പിഎസ്, മോനിപ്പള്ളി |
| 1-26 | 1463219 | സുനിൽ എസ്, സെക്രട്ടറി |
| ആകെ | 2,976,921 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(2)/18/08.02.2018 | 1 |
| 1999-2000, 2001-02(പ്ലാൻ) | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/98(2)/22/02.08.2022 | 3 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/98(3)/22/02.08.2022 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/98(6)/22/02.08.2022 | 1 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1122/22/02.08.2022 | 7 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1121/22/02.08.2022 | 5 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1123/22/02.08.2022 | 7 |
| 2013-14, 2014-15 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1118/22/02.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1119/22/02.08.2022 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2022/1120/22/02.08.2022 | 5 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.4/1848 /19/24.04.2019 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.4/107 /2020/08.06.2020 | 29 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.4/2551 /22/10.04.23 | 6 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.4/2550 /22/31.03.23 | 13 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.4/2280 /22/10.04.23 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 06-06-2023 and submitted on 21-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Uzhavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Uzhavoor Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Uzhavoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Assets not properly classified and evaluated. Asset register has not updated.
2. The accuracy of General Fund as on 31.03.2023 is not clear.
3. Non-Disclosure of Capital Contribution. Capital Contribution Register and details not kept.

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Cashflow statement Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Government/Other dues register not maintained to substantiate financial statements.
4. Datas related to property tax in Sanchaya mismatch with AFS.
5.Adequate provision not provided for doubtful debts.
6.An amount deposited to MGNREGS State Mission Director posted to Capital Expenditure head instead of Advance and Deposit Head.

Deputy Director
District Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്